**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3763

**24.06.2014-** ൽ മറുപടിക്ക്

**പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമന സംവരണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. ബി. സത്യൻ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) പ്രാഥമിക സഹകരണ ബാങ്കുകളിൽ നിയമനത്തിന് സ്വീകരിക്കുന്ന സംവരണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ; | (എ) പ്രാഥമിക സഹകരണ ബാങ്കുകളിൽ നിയമനത്തിന് സ്വീകരിക്കുന്ന സംവരണം ചുവടെ പ്രതിപാദിക്കുംവിധമാണ്.<br>1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80 ഉപവകുപ്പ് (4) പ്രകാരം സഹകരണ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലെ ജീവനക്കാരിൽ പത്ത് ശതമാനം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ ക്കായും വകുപ്പ് 80 ഉപവകുപ്പ് (5) പ്രകാരം സഹകരണ സംഘങ്ങളിൽ അതിന്റെ ആകെയുള്ള തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ മൂന്ന് ശതമാനം അംഗപരിമിതർക്കായും സംവരണം ചെയ്തിട്ടുണ്ട്. |
| ബി) 2010 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകളിൽ ആകെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് തസ്തികതിരിച്ച് വ്യക്തമാക്കാമോ; | (ബി) 2010 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകളിൽ ആകെ 5301 നിയമനങ്ങൾ നടന്നിട്ടുണ്ട്. അവയുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |